**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **05-07-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പ്രോഗ്രാമുകൾക്ക് യു.ജി.സി.ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 2022-23 അധ്യയന വർഷത്തേക്ക് അനുമതി ലഭിക്കാൻ സാധ്യതയുണ്ടോ; | (എ) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07.05.2021). ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനു വേണ്ട രേഖകൾ മുഴുവനും യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സിയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ കഴിയും. |
| (ബി) | നിലവിൽ കേരളത്തിലെ ഏതെല്ലാം യുണിവേഴ്സിറ്റികൾക്ക് ഏതെല്ലാം പ്രോഗ്രാമുകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്താൻ അനുമതിയുള്ളത്; | (ബി) | കേരള, കാലിക്കറ്റ് എന്നീ സർവ്വകലാശാലകളിൽ അനുമതിയുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | യു.ജി.സി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുള്ള സർവ്വകലാശാലയ്ക്ക് അവരുടെ അനുമതിയുള്ള പ്രോഗ്രാമുകൾക്ക് പ്രവേശന വിജ്ഞാപനം പുറത്തിറക്കുന്നതിൽ നിലവിൽ ഏതെങ്കിലും രീതിയിലുള്ള നിയമതടസ്സം ഉണ്ടോ; എങ്കിൽ അത് നീക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിലെ വകുപ്പ് 72 പ്രകാരം ഓപ്പൺ സർവ്വകലാശാലാ കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞാൽ വിദൂരവിദ്യാഭ്യാസം വഴി മറ്റു സർവ്വകലാശാലകൾ അതേ കോഴ്സുകളിൽ പ്രവേശനം നൽകാൻ പാടില്ല. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.- ഡി.ഇ.ബി.യിൽ നിന്നും 2022-23 അധ്യയന വർഷം മുതൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| **കേരള സർവ്വകലാശാല** | |
| 1 | Master of Library & Information Sciences |
| 2 | Master of Commerce (Finance) |
| 3 | Master of Arts (Sociology) |
| 4 | Master of Arts (Public Administration) |
| 5 | Master of Arts (Political Science) |
| 6 | Master of Arts (History) |
| 7 | Master of Arts (Economics) |
| 8 | Master of Arts (Hindi) |
| 9 | Master of Arts (Malayalam) |
| 10 | Master of Arts (English) |
| 11 | Bachelor of Library & Information Sciences |
| 12 | Bachelor of Business Administration |
| 13 | Bachelor of Commerce |
| 14 | Bachelor of Arts (Sociology) |
| 15 | Bachelor of Arts (Political Science) |
| 16 | Bachelor of Arts (History) |
| 17 | Bachelor of Arts (Economics) |
| 18 | Bachelor of Arts (Hindi) |
| 19 | Bachelor of Arts (Malayalam) |
| 20 | Bachelor of Arts (English) |
| 21 | Master of Science (Computer Science) |
| 22 | Master of Science (Mathematics) |
| **കാലിക്കറ്റ് സർവ്വകലാശാല** | |
| 1 | ബി.എ.അഫ്സൽ ഉൽ ഉലമ |
| 2 | ബി.എ.അറബിക് |
| 3 | ബി.എ.എക്കണോമിക്സ് |
| 4 | ബി.എ.ഇംഗ്ലീഷ് |
| 5 | ബി.എ.ഹിന്ദി |
| 6 | ബി.എ.ഹിസ്റ്ററി |
| 7 | ബി.എ.മലയാളം |
| 8 | ബി.എ.ഫിലോസഫി |

| | |
|---|---|
| 9 | ബി.എ.പൊളിറ്റിക്കൽ സയൻസ് |
| 10 | ബി.എ.സംസ്കൃതം |
| 11 | ബി.എ.സോഷ്യോളജി |
| 12 | ബി.ബി.എ. |
| 13 | ബി.കോം |
| 14 | എം.എ.അറബിക് |
| 15 | എം.എ.എക്കണോമിക്സ് |
| 16 | എം.എ.ഇംഗ്ലീഷ് |
| 17 | എം.എ.ഹിന്ദി |
| 18 | എം.എ.ഹിസ്റ്ററി |
| 19 | എം.എ.മലയാളം |
| 20 | എം.എ.ഫിലോസഫി |
| 21 | എം.എ.പൊളിറ്റിക്കൽ സയൻസ് |
| 22 | എം.എ.സംസ്കൃതം |
| 23 | എം.എ.സോഷ്യോളജി |
| 24 | എം.കോം. |
| 25 | എം.എസ്.സി.മാത്തമാറ്റിക്സ് |